# ആസിയാന് -ഇന്ത്യാ സംഭാഷണ പങ്കാളിത്തത്തിന്റെ 25 വര്ഷ ആഘോഷങ്ങള്

ജനുവരി 28, 2017

ആസിയാന് -ഇന്ത്യാ സംഭാഷണ പങ്കാളിത്തത്തിന്റെ 25 വര്ഷ വാര്ഷികമാണ് 2017 വര്ഷം . ജനുവരി 1992 ജനുവരി , 2 8 നാണ് സിംഗപ്പൂരില് നടന്ന നാലാമത് ആസിയാന് ഉച്ചകോടി ആസിയാനും ഇന്ത്യയുമായി മേഖലയുമായി ബന്ധപ്പെട്ട സംഭാഷണ പങ്കാളിത്തം സ്ഥാപിക്കുവാനുള്ള തീരുമാനം എടുത്തത്. 1996 ല് ഇരു വിഭാഗവും പൂര്ണ സംഭാഷണ പങ്കാളികളായി, 2002 ല് ഉച്ചകോടി പങ്കാളികളും 2012 ല് തന്ത്രപ്രധാന പങ്കാളികളും ആയതോടെ ഇരു വിഭാഗവും തമ്മിലുള്ള ബന്ധം ശക്തമായി പുരോഗമിക്കുകയായിരുന്നു

ഈ ചരിത്ര ചടങ്ങ് അടയാളപ്പെടുതുന്നതിനായി പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദിയും ഫിലിപ്പീൻസ് പ്രസിഡണ്ടും 2017 ലെ ആസിയാന് അധ്യക്ഷനുമായ ഹിസ് എക്സലൻസി റോഡ്രിഗോ റോവ ദുടെർട്ടെയുമായി അഭിനന്ദന സന്ദേശങ്ങള് ഇന്ന് കൈമാറുകയുണ്ടായി . അഭിനന്ദന സന്ദേശം കേന്ദ്ര വിദേശകാര്യ മന്ത്രി ശ്രീമതി സുഷമ സ്വരാജും ആസിയാന് സെക്രട്ടറി -ജനറല് ഹിസ് എക്സലൻസി ലെ ലുവോങ്ങ്മിനുമായും കൈമാറി

പ്രസിഡണ്ട് ദുടെർട്ടെക്കയച്ച തന്റെ സന്ദേശത്തില് പ്രധാനമന്ത്രി ഇങ്ങിനെ സൂചിപ്പിച്ചു ''ആസിയാനുമായി നമ്മുടെ തന്ത്രപ്രധാന പങ്കാളിത്തം ബന്ധപ്പെടുതിയതിന്റെ പ്രാധാന്യമാണ് ''ആക്റ്റ് ഈസ്റ്റ് പോളിസിയില് '' പ്രതിഫലിക്കുന്നതെന്നും , നമ്മുടെ പതിനഞ്ചു വര്ഷത്തെ ഉച്ചകോടി തല പങ്കാളിത്തത്തിനൊപ്പം അഞ്ചു വര്ഷം നമ്മള് അടയാളപ്പെടുത്തുന്നു . '' ആസിയാനുമായി ബന്ധം കൂടുതല് ആഴമുള്ളതാക്കുവാനുള്ള ഇന്ത്യയുടെ ആഗ്രഹത്തെ അദ്ദേഹം ആവര്ത്തിച്ചു പറഞ്ഞു , '' അതിലൂടെ നമ്മുടെ കാലത്തെ പങ്കാളിത്തത്തെ നിര്വചിക്കുവാനും പുതിയ ഉയരങ്ങളിലേക്ക് പോകുവാനും സാധിക്കും ''

സ്മരണ പുതുക്കുന്ന വര്ഷത്തിലെ ആശയമായ 'പങ്കു വയ്ക്കുന്ന മൂല്യങ്ങള്, പൊതു ഭാഗധേയം '' പ്രതിഫലിപ്പിക്കുന്നതിനു ചടങ്ങുകലുടെ

ഒരു ശ്രേണി ആസൂത്രണം ചെയ്തിട്ടുണ്ട്, ഇത് ഇന്ത്യയും തെക്ക് കിഴക്കന് ഏഷ്യയും രണ്ടു നൂറ്റാണ്ടുകൾക്കു മേലെയായി ആസ്വദിക്കുന്ന വളരെ അടുത്ത, സാംസ്ക്കാരിക ബന്ധങ്ങളെ വളരെ കൃത്യമായി പ്രതിഫലിപ്പിക്കും . കേന്ദ്ര വിദേശകാര്യ മന്ത്രി തന്റെ സന്ദേശത്തില് ഇതേ കുറിച്ച് വിശദീകരിച്ചത്, രാഷ്ട്രീയ, സാമ്പത്തിക, സാംസ്ക്കാരിക , ജനങ്ങള് -ജനങ്ങള് തമ്മിലെ ബന്ധങ്ങള് തുടങ്ങിയ മണ്ഡലങ്ങളില് ആഘോഷങ്ങള് ഒളിവിതറുമെന്നായിരുന്നു , അത് കൂടാതെ ഇന്ത്യയില് , അനുസ്മരണത്തിന് പ്രത്യേക ഉച്ചകോടിയും വിദേശകാര്യ മന്ത്രിമാരുടെ യോഗവും ഉൾപ്പെടുത്തും . അതിനൊപ്പം , യുവ ഉച്ചകോടി, വ്യാപാര ഉച്ചകോടി, സിഇഒ ഫോറം , മേഖലാ ഇന്ത്യന് പ്രവാസ സമ്മേളനം , കാര് റാലി, സെയിലിംഗ് യാത്ര, സമ്മേളനങ്ങള്, പൊതു ജനങ്ങൾക്കുള്ള മത്സരങ്ങള്, സാംസ്കാരിക ഉത്സവങ്ങള് എന്നിവയും ഇന്ത്യയിലും ആസിയാന് രാജ്യങ്ങളിലുമായി ആസൂത്രണം ചെയ്തിട്ടുണ്ട്

ഇന്ത്യയും ആസിയാനും ഇടയില് ഇന്ന് 30 സംഭാഷണ സംവിധാനം ഉണ്ട് എന്ന് ഇത്തരുണത്തില് ഓർക്കുന്നു . ഇതില് ഒരു ഉച്ചകോടിയും ഏഴു മന്ത്രിതല സമ്മേളനങ്ങളും - അതൊരു വിവിധ തരത്തിലുള്ള മേഖലകളില് ആയിട്ടുണ്ട് -വിദേശകാര്യം , വ്യവസായം, വിനോദസഞ്ചാരം , കൃഷി, പരിസ്ഥിതി, നവീകരിക്കാവുന്ന ഊർജം , ടെലികമ്മ്യൂണിക്കേഷൻസ് .

ഇന്ത്യയും ആസിയാനും വളരെ ശക്തമായ് സാമ്പത്തിക ബന്ധങ്ങള് ആണ് പങ്കു വയ്ക്കുന്നത് . ആസിയാന് ഇന്ത്യയുടെ നാലാമത് വലിയ വ്യാപാര പങ്കാളിയാണ്, ഇന്ത്യയുടെ മൊത്തം വ്യാപാരത്തിലെ 10 . 2 % ഇത് കണക്കാക്കപ്പെടുന്നു . ഇന്ത്യ ആസിയാന്റെ ഏഴാമത് വലിയ വ്യാപാര പങ്കാളിയാണ്. നിക്ഷേപ ഒഴുക്ക് ഇരു വഴികളിലും ശക്തമാണ് , ഇതിനു കാരണം അകത്തേക്കും പുറത്തേക്കുമുള്ള നിക്ഷേപങ്ങളുടെ ഒരു കേന്ദ്രമാണ് സിംഗപ്പൂര് എന്നതാണ് . മേഖല -ചരക്കുകളില്, സേവനങ്ങളില്, നിക്ഷപങ്ങളില് ആസിയാന് -ഇന്ത്യ സ്വതന്ത്ര വ്യാപാരത്തിന്റെ മുഴുവന് പ്രയോജനത്തിലും ലാഭാമുണ്ടാക്കുന്നതിന് പിന്തുണ നൽകുവാന് ആസിയാനോടു പ്രധാനമന്ത്രി മോദി ആവശ്യപ്പെടുകയുണ്ടായി , ഇത് ജൂലൈ 2015 മുതല് നിലവിലുണ്ട് . പ്രസിഡണ്ട് ദുടെർട്ടേ , തന്റെ അഭിനന്ദന സന്ദേശത്തില് , പരസ്പര പ്രയോജനതിനു വേണ്ടി ആസിയാന് -ഇന്ത്യ തന്ത്രപ്രധാന പങ്കാളിത്തത്തിലെ രാഷ്ട്രീയ-സുരക്ഷ, സാമ്പത്തിക , സാമൂഹ്യ - സാംസ്ക്കാരിക തൂണുകളില് ഇന്ത്യ എടുത്ത നവീനമായ നടപടികളെ അഭിനന്ദിക്കുകയുണ്ടായി

മേഖലയിലെ സമാധാനം, സ്ഥിരത, പുരോഗതി എന്നിവ നിലനിർത്തുന്നതിനായി ആസിയാന് -ഇന്ത്യാ ബന്ധങ്ങള് സംഭാവനകള് നൽകിയിട്ടുണ്ടെന്ന് അദ്ദേഹം സൂചിപ്പിച്ചു , ഒപ്പം തന്നെ ഇന്ത്യയുമായി വ്യാപാര- നിക്ഷേപ ബന്ധങ്ങള് കൂടുതല് വർദ്ധിപ്പിക്കുവാന് ആസിയാന് പ്രതീക്ഷിക്കുന്നു എന്നും സൂചിപ്പിച്ചു . ആസിയാനുമായി ഒരു ബില്യണ് ഡോളര് ലൈന് ഓഫ് ക്രെഡിറ്റ് ബന്ധം വയ്ക്കുവാനുള്ള ഇന്ത്യയുടെ പ്രതിബദ്ധതയെയും , അതെ പോലെ ആസിയാനുള്ളിലെ വികസന വിടവുകള് ചുരുക്കുവാന് ആവശ്യമായ സംരംഭങ്ങള് ഏറ്റെടുക്കുന്നതിനെയും അദ്ദേഹം അഭിനന്ദിച്ചു

ആസിയാനും ഇന്ത്യയും , മേഖലാ വളർച്ചക്കും സ്ഥിരതയ്ക്കും വേണ്ടി സംഭാവനകള് നൽകുന്നവരാണ്. തുറന്നതും, ഉൾക്കൊള്ളുന്നതും , സന്തുലിതവും , പക്ഷപാതരഹിതവുമായ , ചട്ടങ്ങളില് അടിസ്ഥാനമായ മേഖലാ ഘടനയെ പിന്തുടരുന്നതിനു ആസിയാനുമായി തോളോട് തോള് ചേർന്ന് ഇന്ത്യ നിൽക്കുമെന്ന് പ്രധാനമന്ത്രി സ്പഷ്ടമായി തന്റെ സന്ദേശത്തില് പ്രസ്താവിക്കുകയുണ്ടായി . മേഖലാ, അന്താരാഷ്ട്ര വേദികളില് പ്രത്യേകിച്ചും ഏഷ്യാ -പസിഫിക് മേഖലകളില് ഇരുപത്തി ഒന്നാം നൂറ്റാണ്ട് സാമ്പത്തിക സുരക്ഷാ വാസ്തുശൈലി രൂപം കൊള്ളവേ , ആസിയാനുമായി വളരെ അടുത്ത് പ്രവര്ത്തിക്കുവാനുള്ള ഇന്ത്യയുടെ ആഗ്രഹം കേന്ദ്ര വിദേശകാര്യ മന്ത്രിയും പ്രത്യകം പരാമർശിച്ചു . പങ്കാളിത്തത്തിന്റെ ഭാവിയുടെ രൂപങ്ങളെ കുറിച്ചുള്ള കാഴ്ചപ്പാടുകള് ആസിയാന് സെക്രട്ടറി ജനറലും പങ്കു വച്ചു , തന്റെ സന്ദേശത്തില് ആസിയാന് -ഇന്ത്യ തന്ത്രപ്രധാന പങ്കാളിത്തത്തെ പുതിയ ഉന്നതികളിലെക്കെത്തി ക്കുവാനുള്ള കാഴ്ചപ്പാടോടെ ഇന്ത്യയുമായി കൂടുതല് അടുത്ത് പ്രവർത്തിക്കുവാനുള്ള പ്രതിബദ്ധത ആസിയാന് തുടരുമെന്ന്അദ്ദേഹം പ്രസ്താവിക്കുകയുണ്ടായി . ആസിയാന് സമൂഹ നിർമാണ ശ്രമങ്ങളില്, ആസിയാന് ഏകീകരണത്തിനുള്ള ശ്രമം നടപ്പാക്കലും , ആസിയാന് ബന്ധങ്ങള് 2025 , മാസ്റ്റര് പ്ലാനും ഉൾപ്പെടെയുള്ളവയില് ഇന്ത്യ പിന്തുണ തുടരുമെന്ന് അദ്ദേഹം പ്രത്യാശിച്ചു ,

അഭിനന്ദന സന്ദേശങ്ങളുടെ പൂര്ണ രൂപം ഇവിടെ ലഭ്യമാണ് :

(i) **പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദിയുടെ അഭിനന്ദന സന്ദേശം , ഇന്ത്യന് പ്രധാനമന്ത്രി , ആസിയാന് അധ്യക്ഷന് 2017 , ഫിലിപ്പീൻസ് പ്രസിഡണ്ട് ഹിസ് എക്സലൻസി റോഡ്രിഗോ റോവ ദുടെർട്ടെക്കയച്ചത്**

പ്രധാനമന്ത്രി
ന്യൂ ഡെൽഹി : ജനുവരി 12, 2017

എക്സലൻസി ,

ആസിയാന് സ്ഥാപനത്തിന്റെ അൻപതാം വാർഷിക വേളയില് എന്റെ ഹൃദയംഗമമായ അഭിനന്ദനങ്ങള് ദയവായി സ്വീകരിക്കുക. ഈ ചരിത്രപരമായ നാഴികക്കല്ലില് എല്ലാ ആസിയാന് അംഗങ്ങളേയും രാജ്യങ്ങളെയും എന്റെ ആശംസകള് ഞാന് അറിയിക്കുന്നു.

ആസിയാന് -ഇന്ത്യ സംഭാഷണ പങ്കാളിത്തത്തിന്റെ ഇരുപത്തിയഞ്ചാം വാർഷികം ഓർമപ്പെടുത്തുന്ന വർഷമായ 2017 ല് , ആദരണീയനായ താങ്കൾക്കും ആസിയാന് അംഗ രാജ്യങ്ങളിലെ ഗവൺമെന്റിനും രാജ്യത്തലവൻമാർക്കും , ആസിയാന് രാജ്യങ്ങളിലെ ജനങ്ങൾക്കും എന്റെ ഊഷ്മളമായ ആശംസകള് നേരുവാന് ഈ അവസരം ഞാന് ഉപയോഗിക്കുന്നു

എക്സലൻസി , നമ്മുടെ സംസ്ക്കാരത്തിന്റെയും പാരമ്പര്യത്തിന്റെയും പങ്ക് വയ്ക്കുന്ന ബന്ധങ്ങള് നൂറ്റാണ്ടുകളായി ജനങ്ങള് തമ്മിലുള്ള ബന്ധ്ങ്ങളുടെ അടിത്തറയില് വളർത്തിയെടുക്കപ്പെട്ടവയാണ് . ഇതുമായി ഇണങ്ങുന്ന തരത്തിലുള്ള ആശയമാണ് ഇരുപത്തിയഞ്ചാം വാർഷിക ആഘോഷങ്ങൾക്ക് തെരഞ്ഞെടുത്തിരിക്കുന്ന '' ഷെയേഡ് വാല്യൂസ്, കോമണ് ഡെസ്റ്റിനി'' , പരസ്പര സഹകരണം, സമാധാനം, പുരോഗതി, അഭിവൃദ്ധി എന്നിവയാല് നിർവചിക്കപ്പെടുന്ന പങ്ക് വയ്ക്കുന്ന ഭാവിക്കായുള്ള നമ്മുടെ സംയുക്ത പരിശ്രമത്തെ പ്രതിഫലിപ്പിക്കുന്നു

ആസിയാനുമായിട്ടുള്ള തന്ത്രപ്രധാന പങ്കാളിത്തത്തില്, പതിനഞ്ചു വർഷത്തെ നമ്മുടെ ഉച്ചകോടി -തല പങ്കാളിത്തത്തിനും മറ്റ് അഞ്ചു വർഷങ്ങളും ചേർന്ന് നമ്മള് നൽകുന്ന പ്രാധാന്യം പ്രതിഫലിപ്പിക്കുന്ന ഒന്നാണ് ഇന്ത്യയുടെ ''ആക്ട് ഈസ്റ്റ് പോളിസി ''. ആസിയാന് സമൂഹത്തിന്റെ ഒരു വർഷം പൂർത്തിയാക്കിയത്തില് ഞാന് ആസിയാന് അംഗ രാജ്യങ്ങളെ അഭിനന്ദിക്കുകയും , ആസിയാന് വിഷന് 2025 നുള്ള ഇന്ത്യയുടെ പിന്തുണ അവർക്കുറപ്പു നല്കുകയും ചെയ്യുന്നു .

മേഖലയിലെ സമാധാനം, സ്ഥിരത, അഭിവൃദ്ധി എന്നിവയെ അനുകൂലിക്കുന്ന ആസിയാന്റെ പങ്കിനെ ഇന്ത്യ വളരെയധികം മൂല്യം കൽപ്പിക്കുന്നു, മേഖലാ വിഷയങ്ങളില് ആസിയാന് കേന്ദ്രീകരണത്തിനുള്ള പിന്തുണ ആവർത്തിക്കുകയും ചെയ്യുന്നു . തുറന്നതും, അംഗീകരിക്കുന്നതും , സന്തുലിതവും പക്ഷപാതരഹിതവുമായ ചട്ടങ്ങളില് അടിസ്ഥാനമായ മേഖലാ ഘടനയുണ്ടാകുന്നതിനായി ആസിയാനുമായി തോളോട് തോള് ചേർന്ന് ഞങ്ങള് നില്ക്കും

നമ്മുടെ സാമ്പത്തി പങ്കാളിത്തം ഊർജ്ജസ്വലമായി തുടരുന്നു, ചരക്കുകള്, സേവനം, നിക്ഷേപത്തിലെ ആസിയാന് സ്വതന്ത്ര വ്യാപാര മേഖലയുടെ പൂര്ണ പ്രയോജനം ഉണ്ടാക്കുന്നതിന് ഞാന് ആസിയാനിന്റെ പിന്തുണ അഭ്യർഥിക്കുകയാണ്. ചരക്കുകള്, സേവനം, നിക്ഷേപത്തില് സമ ഉൽക്കർഷേച്ഛയോടെ , അംഗീകരിക്കുന്നതും , സമഗ്രവും സന്തുലിതവുമായ പരസ്പരം പ്രയോജനകരമായ സഖ്യം നമുക്ക് നേടുവാനായാല് , അത് നമ്മുടെ മേഖലയില് മേഖലാ സമഗ്ര സാമ്പത്തിക പങ്കാളിത്തത്തിന് കൂടുതല് സഹകരണവും സാമ്പത്തിക ഏകീകരണവും കൂടുതല് ശക്തിപ്പെടുത്തുവാന് സാധിയ്ക്കും .

എക്സലൻസി , ഇടപാടുകളുടെ മൂന്നു തൂണുകൾക്ക് കുറുകെ ആസിയാനുമായുള്ള നമ്മുടെ ഇടപാടുകള് കൂടുതല് ശക്തിപ്പെടുത്താനുള്ള ഞങ്ങളുടെ അഭിലാഷം താങ്കൾക്ക് ഉറപ്പ് നല്കുവാന് ഈ അവാസരം ഉപയോഗിക്കുവാന് എന്നെ അനുവദിക്കുക . അങ്ങിനെ അത് പുതിയ ഉയരങ്ങള് തേടുകയും നമ്മുടെ കാലങ്ങളിലെ പങ്കാളിത്തത്തെ നിർവചിക്കുകയും ചെയ്യും

എക്സലൻസി, വളരെ ഉന്നതമായ പരിഗണനയോടെയുള്ള എന്റെ ഉറപ്പുകളെ ദയവായി സ്വീകരിക്കുക

നരേന്ദ്ര മോദി

ഹിസ് എക്സലൻസി ശ്രീ റോഡ്രിഗോ ആര് ദുടര്ട്ടെ
ഫിലിപ്പീൻസ് പ്രസിഡണ്ട്
മനില

(ii) **<u>ആസിയാന് അധ്യക്ഷന് 2017 , ഫിലിപ്പീൻസ് പ്രസിഡണ്ട് ഹിസ് എക്സലൻസി റോഡ്രിഗോ റോവ ദുടെർട്ടെയുടെ അഭിനന്ദന സന്ദേശം , ഇന്ത്യന് പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദിക്ക് അയച്ചത്</u>**

മലാകാനന് പാലസ്
മാനില

പ്രൈം മിനിസ്റ്റര്

ആസിയാന് -ഇന്ത്യാ സംഭാഷണ ബന്ധങ്ങളുടെ ഇരുപത്തിയഞ്ചാം വാർഷിക വേളയില്

ഹിസ് എക്സലൻസി റോഡ്രിഗോ റോവ ദുടേർട്ടെ, പ്രസിഡണ്ട് ഓഫ് ദി റിപ്പബ്ലിക് ഓഫ് ദി ഫിലിപ്പീൻസ് - ചെയർമാന് ഓഫ് ആസിയാന്
ഹിസ് എക്സലൻസി പ്രൈം മിനിസ്റ്റര് നരേന്ദ്ര മോദി, പ്രൈം മിനിസ്റ്റര് ഓഫ് ദി റിപ്പബ്ലിക് ഓഫ് ഇന്ത്യക്ക് അയക്കുന്ന
അഭിനന്ദന സന്ദേശം

ആസിയാന് -ഇന്ത്യാ സംഭാഷണ ബന്ധങ്ങള് സ്ഥാപിച്ചിട്ട് ഇരുപത്തി അഞ്ചു വർഷം തികയുന്ന അവസരത്തില് , അസോസിയേഷന് ഓഫ് സൌത്ത് ഈസ്റ്റ് ഏഷ്യന് നേഷൻസ് (ആസിയാന് ) അദ്ധ്യക്ഷന് എന്ന നിലയിലും , അതിലെ അംഗ രാജ്യങ്ങളുടെ പേരിലും നമ്മുടെ അഭിനന്ദനങ്ങള് റിപ്പബ്ലിക് ഓഫ് ഇന്ത്യയിലെ ജനങ്ങളെയും ഗവൺമെന്റിനെയും അറിയിക്കുക എന്നതില് എനിക്കു വലിയ ആദരം തോന്നുന്നു

ആസിയാന് -ഇന്ത്യാ മേഖലാ സംഭാഷണ പങ്കാളിത്തം ജനുവരി 28, 1992 നു രൂപം നല്കിയത് മുതല് നമ്മുടെ ബന്ധത്തെ തന്ത്രപ്രധാന തലത്തിലേക്ക് ഉയർത്തപ്പെട്ടു, രാഷ്ട്രീയ-സുരക്ഷാ, സാമ്പത്തികം, സാമൂഹ്യ - സാംസ്ക്കാരിക തൂണുകൾക്ക് കുറുകെ നവീനമായ സംരംഭങ്ങളില് പങ്കാളികള് ആയിക്കൊണ്ടു പരസ്പരം പ്രയോജനം സൃഷ്ടിച്ചുകൊണ്ടു . കഴിഞ്ഞ 25 വർഷങ്ങളിലായി , ആസിയാന്-ഇന്ത്യാ സംഭാഷണ ബന്ധങ്ങള് , മേഖലയില് സമാധാനം, സ്ഥിരത, പുരോഗതി എന്നിവ നിലനിർത്താനാവശ്യമായ സംഭാവനകള് നല്കിയിട്ടുണ്ട് .

ആസിയാന്-ഇന്ത്യ ഉച്ചകോടി , ഈസ്റ്റ് ഏഷ്യ ഉച്ചകോടി (ഇഎഎസ്), ആസിയാന്-ഇന്ത്യ പോസ്റ്റ് മിനിസ്റ്റീരിയല് കോൺഫറൻസ് (പിഎംസി ) ,

ആസിയാന് റീജിയണല് ഫോറം (എആർഎഫ് ), മറ്റ് മുതിർന്ന ഔദ്യോഗിക യോഗങ്ങള്, ഇടപാടുകള് ഉൾപ്പെടെ ആസിയാന് നേതൃത്വം നൽകുന്ന നിരവധി സംവിധാനങ്ങളിലെ ഇന്ത്യയുടെ സജീവമായ പങ്കാളിത്തത്തിലൂടെ ആസിയാനും ഇന്ത്യയും അവരുടെ സഹകരണം, പങ്കാളിത്തം, പരസ്പരവിശ്വാസം എന്നിവ ശക്തമാക്കിയിട്ടുണ്ട് . സൌത്ത് ഈസ്റ്റ് ഏഷ്യയില് സൌഹാർദ്ദത്തിനും സഹകരണത്തിനുമുള്ള കരാറില് ട്രീറ്റി ഓഫ് അമിറ്റി ആൻഡ് കോ ഓപറേഷന് (ടിഎസി) ഒക്ടോബര് 08, 2003 ല് ഇന്ത്യയുടെ പ്രവേശനം, മേഖലയിലെ സമാധാനത്തിനും സ്ഥിരതക്കുമുള്ള ഇന്ത്യയുടെ ശക്തമായ പ്രതിബദ്ധതയും ആസിയാന് അംഗ രാജ്യങ്ങളുമായുള്ള സൌഹൃദ ബന്ധങ്ങള് വികസിപ്പിക്കുന്നതും പ്രകടമാക്കുന്നതാണ് ,

സാമ്പത്തിക സഹകരണത്തിന്റെ കാര്യത്തില് ഇന്ത്യ ആസിയാന്റെ പത്തു പ്രമുഖ വ്യാപാര പങ്കാളികളില് ഒന്നാണ് ., ചരക്കിലും സേവനങ്ങളിലും കൂടുതല് വ്യാപാര ശക്തിയും നേരിട്ടുള്ള നിക്ഷേപങ്ങളും വഴി വ്യാപാരവും നിക്ഷപ ബന്ധങ്ങളെ കൂടുതല് വർദ്ധിപ്പിക്കുന്നതിനായി ഞങ്ങള് മുന്നോട്ട് ഉറ്റുനോക്കുന്നു . നമുടെ ആസിയാന്-ഇന്ത്യ സ്വതന്ത്ര വ്യാപാര കരാര് വഴി ഇതിന് കൂടുതല് സാധ്യതകള് ഉണ്ട്, അതോടൊപ്പം മേഖലാ സമഗ്ര സാമ്പത്തിക പങ്കാളിത്തം വഴിയും. ആസിയാന് ഗതാഗത പദ്ധതികളില് ഒരു യുഎസ്ഡോളര് ബില്യണ് ലൈന് ഓഫ് ക്രെഡിറ്റ് ഇന്ത്യയുടെ പ്രതിബദ്ധതയെ ഞങ്ങള് അഭിനന്ദിക്കുന്നു , ഈ സംവിധാനമ ഉപയോഗിക്കുവാനുള്ള നടപടിക്രമങ്ങളുടെ വികസനത്തിന് കാത്തിരിക്കുന്നു . ആസിയാന് ഇന്റഗ്രേഷന് (ഐഎഐ ), നു വേണ്ടിയുള്ള സംരംഭങ്ങൾക്ക് കീഴില് നിരവധി കാര്യശേഷി നിർമാണ പദ്ധതികളിലൂടെ ആസിയാന്റെ അംഗരാജ്യങ്ങൾക്കുള്ളിലുള്ള വികസന വിടവുകള് ചുരുക്കുവാനുള്ള ആസിയാന് ശ്രമങ്ങളില് ഇന്ത്യ പിന്തുണ നൽകുന്നതിനെ ഞങ്ങള് സ്വാഗതം ചെയ്യുന്നു, ഈ വിഷയത്തില് ഇന്ത്യയുടെ തുടരുന്ന പ്രതിബദ്ധതയെ ഇനിയും പ്രതീക്ഷിക്കുന്നു വാർഷിക ഡെൽഹി സംഭാഷണം, ആസിയാന്-ഇന്ത്യ സ്റ്റുഡന്റ് എക്സ്ചേഞ്ച് പരിപാടി, ആസിയാന് വിദ്യാർഥികൾക്കുള്ള ഇന്ത്യന് സ്കോളർഷിപ്പ് പരിപാടികള്, ആസിയാന് നയതന്ത്രജ്ഞർക്കുള്ള സ്പെഷ്യല് കോഴ്സ് , ആസിയാന്-ഇന്ത്യ യുവ കർഷകരുടെ വിനിമയ പരിപാടി, ആസിയാന്-ഇന്ത്യ മാധ്യമ വിനിമയ പരിപാടി , വിദഗ്ധർക്കുള്ള ആസിയാന്-ഇന്ത്യ ശൃംഖല തുടങ്ങിയവയിലൂടെ ആസിയാന് -ഇന്ത്യ ജനങ്ങള് -ജനങ്ങള് ബന്ധങ്ങള് ശക്തമാക്കുവാനുള്ള ഇന്ത്യയുടെ പ്രതിബദ്ധതയെ ഞങ്ങള് അഭിനന്ദിക്കുന്നു

വാർഷിക ആസിയാന്-ഇന്ത്യ സ്റ്റുഡന്റ്സ് വിനിമയ പരിപാടി , ആസിയാന് നയതന്ത്രജ്ഞർക്കുള്ള സ്പെഷ്യല് കോഴ്സ് , ഡെൽഹി സംഭാഷണം, എന്നിവയുടെ നടപ്പാക്കല്, അതോടൊപ്പം ഇപ്പോള് നടക്കുന്ന പരിപാടികള്, അതായത് അന്താരാഷ്ട്ര കോൺഫറൻസ് ആസിയാന്-ഇന്ത്യ സാംസ്ക്കാരിക പൈതൃക ബന്ധങ്ങള് , ആസിയാന്-ഇന്ത്യ മാധ്യമ വിനിമയ പരിപാടി , ആസിയാന്-ഇന്ത്യ യുവ കർഷകരുടെ വിനിമയ പരിപാടി, വിദഗ്ധർക്കുള്ള ആസിയാന്-ഇന്ത്യ ശൃംഖല എന്നിവ ആസിയാനിലെയും ഇന്ത്യയിലെയും ജനങ്ങൾക്കിടയില് പരസ്പരം ധാരണയും സൌഹൃദവും വർദ്ധിപ്പിക്കുവാനുള്ള നമ്മുടെ തുടരുന്ന ശ്രമങ്ങളുടെ തെളിവാണ് . സമാധാനം, പുരോഗതി, പങ്ക് വയ്ക്കുന്ന അഭിവൃദ്ധി ( 2010-2015), നടപ്പാക്കല് വഴി ആസിയാന് -ഇന്ത്യ പ്ലാന് ഓഫ് ആക്ഷന് വിജയകരമായി അവസാനിച്ചതിനെ തുടർന്ന് അതിന്റെ പിൻഗാമിയായ 2016 - 2020 പ്ലാന് ഓഫ് ആക്ഷന് കാര്യക്ഷമമായി നടപ്പാക്കുവാനും അതിലൂടെ ഞങ്ങളുടെ ബന്ധങ്ങളെ കൂടുതല് പുരോഗതിയിലേക്കെത്തിക്കുവാനും ഞങ്ങള് പ്രതിബദ്ധരാണ് ,

ഇനി വരുന്ന വർഷങ്ങളില് കൂടുതല് ഉത്പാദനപരമായ പങ്കാളിത്തം ഇന്ത്യയുമായി ആസിയാന് സ്വാഗതം ചെയ്യുന്നു , ആസിയാന്റെ അംഗരാജ്യങ്ങളുമായുള്ള ഇന്ത്യയുടെ ചരിത്രപരവും സാംസ്ക്കാരികവുമായ ബന്ധങ്ങള് , സമാധാനം, സുരക്ഷാ, പുരോഗതി, പങ്ക് വക്കുന്ന അഭിവൃദ്ധി എന്ന നമ്മുടെ പൊതു ലക്ഷ്യത്തിനായി അതിന്റെ വളരുന്ന സംഭാവനകള് അറിയുന്നു. ആസിയാന് കമ്മ്യൂണിറ്റി വിഷന് 2025 എന്നത് യാതാർഥ്യമാക്കുവാന് സംഭാവന ചെയ്യാന് ആസിയാന്-ഇന്ത്യ തന്ത്രപ്രധാന പങ്കാളിത്തം കൂടുതല് ശക്തമാക്കാന് ഞങ്ങള് താല്പര്യപൂർവം പ്രതീക്ഷിക്കുന്നു

യുവര് എക്സലൻസി, നമ്മുടെ രാജ്യങ്ങൾക്കും, ജനങ്ങൾക്കും മേഖലക്കും പ്രയോജനമാകാന് എല്ലാ തലത്തിലും ആസിയാന്-ഇന്ത്യ ഇടപാടുകള് വിശാലമാക്കുവാന് നമ്മള് മുന്നോട്ട് ഉറ്റു നോക്കവേ എന്റെ ഉന്നത പരിഗണനകള് ദയവു ചെയ്തു സ്വീകരിക്കുക

റോഡ്രിഗോ റോവ ദുടേർട്ടേ

**(iii) കേന്ദ്ര വിദേശകാര്യ മന്ത്രി ശ്രീമതി സുഷമ സ്വരാജിന്റെ അഭിനന്ദന സന്ദേശം , ആസിയാന് സെക്രട്ടറി -ജനറല് ഹിസ് എക്സലൻസി ലെ ലുവോംഗ് മിനിന് അയച്ചത്**

സുഷമ സ്വരാജ്

28.ജനുവരി 2017,

എക്സലൻസി

ആസിയാന് -ഇന്ത്യ സംഭാഷണ പങ്കാളിത്തത്തിന്റെ ഇരുപത്തിയഞ്ചാം വാർഷിക ആഘോഷ വേളയില് , എന്റെ ഊഷ്മളമായ ആശംസകളും അഭിനന്ദനങ്ങളും താങ്കളെയും താങ്കളിലൂടെ എല്ലാ വിദേശകാര്യ മന്ത്രിമാരെയും അതോടൊപ്പം ആസിയാന് അംഗ് രാജ്യങ്ങളിലെ ജനങ്ങളെയും അറിയിക്കുവാന് ഞാന് ആഗ്രഹിക്കുന്നു

ആസിയാന് അൻപതാം വാർഷിക അവസരത്തില് എല്ലാ ആസിയാന് അംഗ രാജ്യങ്ങളെയും അഭിനന്ദിക്കുവാന് ഈ അവസരം ഞാന് ഉപയോഗിക്കുന്നു

എക്സലൻസി, ആസിയാന്-ഇന്ത്യ സംഭാഷണ പങ്കാളിത്ത വാർഷിക ആഘോഷങ്ങളുടെ ആശയം ''പങ്കു വയ്ക്കുന്ന മൂല്യങ്ങള്, പൊതു ഭാഗധേയം '' , എന്നതാണ്, രണ്ടു നൂറ്റാണ്ടുകളായി ഇന്ത്യയും ആസിയാന് രാജ്യങ്ങളുമായുള്ള സാംസ്ക്കാരിക ബന്ധങ്ങളുടെ മുകളില് നിർമിച്ചതാണിത്. ജക്കാർത്തയിലെ ആസിയാന്-ഇന്ത്യ കൾച്ചറല് ആൻഡ് സിവിലൈസേഷണല് ലിങ്ക്സ് രണ്ടാം അന്താരാഷ്ട്ര കോൺഫറൻസാണ് ഈ നാഴികക്കല്ല് അടയാളപ്പെടുത്തുന്ന 2017 ലെ ആദ്യ ചടങ്ങ് എന്നത് വളരെയധികം ഉചിതമായി

നമ്മുടെ ബന്ധത്തിലെ ചരിത്രപരമായ നാഴികക്കല്ലിനെ സൂചിപ്പിക്കുവാനായി ആസിയാന് അംഗരാജ്യങ്ങളിലും ഇന്ത്യയിലും അങ്ങോളമിങ്ങോളമായി വർഷം നീളുന്ന വളരെ അധികം ചടങ്ങുകളിലൂടെ രാഷ്ട്രീയ, സാമ്പത്തിക, സാംസ്ക്കാരിക , ജനങ്ങള് - ജനങ്ങള് തമ്മിലെ ബന്ധങ്ങള് തുടങ്ങിയ മണ്ഡലങ്ങളെ പ്രതിഫലിപ്പിക്കും , അത് കൂടാതെ ഇന്ത്യയില് , അനുസ്മരണത്തിന് പ്രത്യേക ഉച്ചകോടിയും വിദേശകാര്യ മന്ത്രിമാരുടെ യോഗവും ഉൾപ്പെടുത്തും . അതിനൊപ്പം , യുവ ഉച്ചകോടി, വ്യാപാര ഉച്ചകോടി, സിഇഒ ഫോറം ,

മേഖലാ ഇന്ത്യന് പ്രവാസ സമ്മേളനം , കാര് റാലി, സെയിലിംഗ് യാത്ര, സമ്മേളനങ്ങള്, പൊതു ജനങ്ങൾക്കുള്ള മത്സരങ്ങള്, സാംസ്കാരിക ഉത്സവങ്ങള് എന്നിവയും ഇന്ത്യയിലും ആസിയാന് രാജ്യങ്ങളിലുമായി ആസൂത്രണം ചെയ്തിട്ടുണ്ട് ആസിയാന് പങ്കാളികളുടെ പിന്തുണയോടെ, ഈ അനുസമരണം മാറ്റൊലിയുണ്ടാക്കുന്ന വിജയം ആകുമെന്ന് എനിക്കുറപ്പുണ്ട്

എക്സലൻസി, സമാധാനം, പുരോഗതി, പങ്ക് വയ്ക്കപ്പെടുന്ന അഭിവൃദ്ധി എന്നിവയിലെ നമ്മുടെ പങ്കാളിത്തത്തെ ഉറപ്പിക്കുവാന് ആസിയാന് ഇന്ത്യാ പ്ലാന് ഓഫ് ആക്ഷന്, സഹായിച്ചിട്ടുണ്ട് .

ഇപ്പോഴത്തെ പ്ലാന് ഓഫ് ആക്ഷന് 2016- 2020 നുള്ളതു കാര്യക്ഷമമായി നടപ്പാക്കുവാന് , നമുക്ക് ഒരുമിച്ച് പ്രവർത്തിക്കാം, നമ്മുടെ രാഷ്ട്രീയ-സുരക്ഷാ, സാമ്പത്തിക, സാമൂഹ്യ-സാംസ്ക്കാരിക ഇടപാടുകള് കൂടുതല് ശക്തിപ്പെടുത്തിക്കൊണ്ടും ഗുണപരമായി വിസ്തൃതമാക്കുകയും ചെയ്തു കൊണ്ട്, അതിലൂടെ ആസിയാന് -ഇന്ത്യ തന്ത്രപ്രധാന പങ്കാളിത്തത്തിന്റെ സാധ്യതകളെ പൂർണമായും തിരിച്ചറിയാനും സാധിയ്ക്കും

പരസ്പരം ഉത്കണ്ഠയുള്ള വിഷയങ്ങളില് മേഖലാ, അന്താരാഷ്ട്ര വേദികളില് പ്രത്യേകിച്ചും ഏഷ്യാ -പസിഫിക് മേഖലകളില് ഇരുപത്തി ഒന്നാം നൂറ്റാണ്ട് സാമ്പത്തിക സുരക്ഷാ ശൈലി രൂപം കൊള്ളവേ , ആസിയാനുമായി വളരെ അടുത്ത് പ്രവർത്തിക്കുവാനുള്ള ഞങ്ങളുടെ ആഗ്രഹം ഉറപ്പിച്ച് താങ്കളോട് പറയുവാനായി ഈ അവസരം ഞാന് ഉപയോഗിക്കുന്നു

എക്സലൻസി, കഴിഞ്ഞ 25 വർഷമായി ആസിയാനും ഇന്ത്യയും തമ്മിലുള്ള സംഭാഷണ ബന്ധത്തെ ശക്തിപ്പെടുത്തുന്നതിന് ആസിയാന് സെക്രട്ടറിയേറ്റ് നല്കിയ നിരന്തരമായ പിന്തുണയെ ഞാന് വളരെയധികം അഭിനന്ദിക്കുന്നു . നമ്മുടെ തന്ത്രപ്രധാന പങ്കാളിത്തത്തെ ഔന്നത്യങ്ങളിലേക്ക് കൊണ്ടുപോകുന്നതിന് താങ്കൾക്കൊപ്പവും ആസിയാന് അംഗരാജ്യങ്ങളിലെ എന്റെ സ്ഥാനത്തുള്ളവർക്കൊപ്പവും പ്രവർത്തിക്കുവാനായി ഞാന് താൽപര്യപൂർവം പ്രതീക്ഷിക്കുന്നു

എക്സലൻസി , വളരെ ഉന്നതമായ എന്റെ പരിഗണനകള് ദയവായി സ്വീകരിക്കുക

സുഷമ സ്വരാജ്

എച്ച്. ഈ ശ്രീ ലേ ലൌങ് മിന്
സെക്രട്ടറി ജനറല്

ദി അസോസിയേഷന് ഓഫ് സൌത്ത് ഈസ്റ്റ് ഏഷ്യന് നേഷൻസ്
ആസിയാന് സെക്രട്ടറിയേറ്റ്
ജാക്കർത്ത, ഇന്തോനേഷ്യ

(iv) **ആസിയാന് സെക്രട്ടറി -ജനറല് ഹിസ് എക്സലൻസി ലെ ലുവോംഗ് മിനിന്റെ അഭിനന്ദന സന്ദേശം , ഇന്ത്യയുടെ വിദേശകാര്യ മന്ത്രി ശ്രീമതി സുഷമ സ്വരാജിനയച്ചത്**

ഹെര് എക്സലൻസി സുഷമ സ്വരാജ്
മിനിസ്റ്റര് ഓഫ് എക്സ്റ്റെർണല് അഫയേഴ്സ്
റിപ്പബ്ലിക് ഓഫ് ഇന്ത്യ
ന്യൂഡെൽഹി

28 ജനുവരി 2017

എക്സലൻസി

ആസിയാന് -ഇന്ത്യാ സംഭാഷണ ബന്ധങ്ങള് സ്ഥാപിച്ചിട്ട് ഇരുപത്തി അഞ്ചു വർഷം തികയുന്ന അവസരത്തില് , അസോസിയേഷന് ഓഫ് സൌത്ത് ഈസ്റ്റ് ഏഷ്യന് നേഷൻസിന് വേണ്ടി (ആസിയാന് ) ഊഷ്മളമായ അഭിനന്ദനങ്ങള് റിപ്പബ്ലിക് ഓഫ് ഇന്ത്യയിലെ ജനങ്ങളെയും ഗവൺമെന്റിനെയും അറിയിക്കുവാന് ഞാന് ആഗ്രഹിക്കുന്നു
ആസിയാന് -ഇന്ത്യ 1992 ല് അവരുടെ ആരംഭത്തോടെ ബന്ധങ്ങളില് വളരെ ഗണ്യമായ പുരോഗതി ഉണ്ടാക്കുകയും രാഷ്ട്രീയ -സുരക്ഷാ, സാമൂഹ്യ -സാംസ്ക്കാരിക സഹകരണം തുടങ്ങിയ വൈവിധ്യമാർന്ന മേഖലകളില് വികസനവും സൃഷ്ടിച്ചു . സമാധാനം, സ്ഥിരത, പുരോഗതി -മേഖലകളില് നിലനിർത്തുവാനുള്ള നമ്മുടെ ഒരുമിച്ചുള്ള പ്രതിബദ്ധത , പങ്ക് വയ്ക്കപ്പെടുന്ന കാഴ്ചപ്പാട് പോലെ , ആസിയാന്-ഇന്ത്യാ ബന്ധങ്ങളുടെ മൂലക്കല്ല് എന്നിവയുടെ പ്രകടനമാണ് സൌത്ത് ഈസ്റ്റ് ഏഷ്യയില് സൌഹാർദ്ദത്തിനും സഹകരണത്തിനുമുള്ള കരാറില് ട്രീറ്റി ഓഫ് അമിറ്റി ആൻഡ് കോ ഓപറേഷന് (ടിഎസി) ല് ഇന്ത്യയുടെ നേരത്തെയുള്ള പ്രവേശനം, ഉരുത്തിരിയുന്ന മേഖലാ

വാസ്തുശൈലിയില് ആസിയാന് കേന്ദ്രീദയത്തിനുള്ള ഇന്ത്യയുടെ ശക്തമായ പിന്തുണ , ആസിയാന് നയിക്കുന്ന മേഖല സംവിധാനങ്ങളിലെ ശക്തമായ  പങ്കാളിത്തവും സകാരാത്മകമായ സംഭാവനയും ആസിയാന്-ഇന്ത്യാ സ്വതന്ത്ര വ്യാപാര മേഖല സ്ഥാപിച്ചതോടെ ഇരു വിഭാഗങ്ങൾക്കും വിശാലമായ സാധ്യതകള് -വ്യാപാരം, നിക്ഷേപം എന്നിവ വർദ്ധിപ്പിക്കുവാന് -അവസരമായി . ആസിയാന്-ഇന്ത്യ വ്യാപാരതെക്കുറിച്ചുള്ള ഇപ്പോള് നടക്കുന്ന അവലോകനം  അനുസരിച്ചു ചരക്ക് കരാറിലെ വ്യാപാരം ഭാവിയില് ഇരു വശങ്ങൾക്കുമിടയില് കൂടുതല് ശ്കതമായ വ്യാപാരത്തിന് വഴിയൊരുക്കുമെന്നാണ് കാണുന്നത് . ആസിയാനും ഇന്ത്യയും ളരെയധികം പുരോഗതികള് മറ്റ് സഹകരണ മേഖലകളില് കൈവരിക്കുകയുണ്ടായി, അതായത് മനുഷ്യ വിഭവ ശേഷി വികസനം, ശാസ്ത്ര സാങ്കേതികവിദ്യ, ജനങ്ങള്-ജനങ്ങള് ബന്ധം , ഗതാഗതവും അടിസ്ഥാനസൌകര്യവും, ചെറുകിട , ഇടത്തരം സ്ഥാപനങ്ങള്, വിനോദസഞ്ചാരം. വിവര വിനിമയ സാങ്കേതികവിദ്യ , കൃഷി, ഭക്ഷ സുരക്ഷ , കാലാവസ്ഥാ വ്യതിയാനം, ഊർജം, സാംസ്ക്കാരികവും കലകളും ആസിയാന് സംയോജിതത്തിനുള്ള നടപടികളുടെ നടപ്പാക്കല് .

നൂറ്റാണ്ടായ ആസിയാന്-ഇന്ത്യ ബന്ധങ്ങളുടെ  കാല് വർഷം നമ്മള് ഘോഷിക്കവേ , ആസിയാന് ഇന്ത്യയുമായി കൂടുതല് അടുത്തു പ്രവർത്തിക്കുവാന് പ്രതിബദ്ധമാണ് , ആസിയാന് -ഇന്ത്യാ തന്ത്രപ്രധാന പങ്കാളിത്തത്തെ പുതിയ ഉയരങ്ങളിലേക്ക് കൊണ്ടുപോകുക എന്ന കാഴ്ചപ്പാടോടെ ആണിത്, അതിലൂടെ മേഖലാ, അന്താരാഷ്ട്ര സമാധാനം, സ്ഥിരതയും അഭിവൃദ്ധിയും എന്ന ലക്ഷ്യവും , നമ്മുടെ അടുത്ത ബന്ധത്തിന്റെ ഊർജത്തില് , ആസിയാന് സമൂഹ നിർമാണ ശ്രമങ്ങളില് ഇന്ത്യയുടെ പിന്തുണ തുടരുന്നതിന് ഞങ്ങള് താത്പര്യപൂർവം പ്രതീക്ഷിക്കുന്നു , അതില് ആസിയാന് ഏകീകരണത്തിനുള്ള (ഐഎഐ ) നടപടികളുടെ നടപ്പാക്കലും പ്രവർത്തന പദ്ധതി III ആസിയാന് കണക്ടിവിറ്റി 2025 എന്നിവയും ഉൾപ്പെടുന്നു

എക്സലൻസി , എന്റെ ഉന്നതമായ പരിഗണനയുടെ നവീകരിച്ച ഉറപ്പുകള് ദയവായി സ്വീകരിച്ചാലും

ലേ ലൌങ് മിന്

ന്യൂഡെൽഹി
ജനുവരി 28, 2017